"ഭരണഭാഷ- മാതൃഭാഷ"

കേരള സർക്കാർ

**സംഗ്രഹം**

തദ്ദേശ സ്വയംഭരണ വകുപ്പ് - കോവിഡ് 19-ന്റെ പശ്ചാത്തലത്തിൽ ഹാർബർ മാനേജ്മെന്റ് സൊസൈറ്റിയുടേതല്ലാത്ത ഫിഷ് ലാൻഡിംഗ് സെന്ററുകളും മത്സ്യ മാർക്കറ്റുകളും പുനരാരംഭിക്കുന്നത് സംബന്ധിച്ച് തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്കുള്ള മാർഗ്ഗരേഖ - അംഗീകരിച്ച് - ഉത്തരവ് പുറപ്പെടുവിക്കുന്നു.

തദ്ദേശ സ്വയംഭരണ(ഡിബി) വകുപ്പ്

സ.ഉ.(സാധാ) നം.1515/2020/ത.സ്വ.ഭ.വ തീയതി,തിരുവനന്തപുരം, 14/08/2020

പരാമർശം:- 04.08.2020-ന് ബഹു. തദ്ദേശ സ്വയംഭരണ വകുപ്പ് മന്ത്രിയുടേയും ബഹു. ഫിഷറീസ് വകുപ്പ് മന്ത്രിയുടേയും സാന്നിധ്യത്തിൽ ചേർന്ന യോഗം.

**ഉത്തരവ്**

പരാമർശിത യോഗ തീരുമാനത്തിന്റെ അടിസ്ഥാനത്തിൽ കോവിഡ് 19-ന്റെ പശ്ചാത്തലത്തിൽ ഹാർബർ മാനേജ്മെന്റ് സൊസൈറ്റി- യുടേതല്ലാത്ത ഫിഷ് ലാൻഡിംഗ് സെന്ററുകളും മത്സ്യ മാർക്കറ്റുകളും പുനരാരംഭിക്കുന്നത് സംബന്ധിച്ച് തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ ക്കുള്ള അനുബന്ധമായി ചേർത്തിട്ടുള്ള മാർഗ്ഗരേഖ അംഗീകരിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
പാറ്റ്സി സ്റ്റീഫന്
ജോയിന്റ് സെക്രട്ടറി

പഞ്ചായത്ത് ഡയറക്ടർ.
നഗരകാര്യ ഡയറക്ടർ.
ഗ്രാമ വികസന കമ്മീഷണർ.
ചീഫ് എഞ്ചിനീയർ, തദ്ദേശസ്വയംഭരണ വകുപ്പ്.
മത്സ്യബന്ധന വകുപ്പ് ഡയറക്ടർ.
എല്ലാ ജില്ലാ ആസൂത്രണ സമിതി അധ്യക്ഷൻമാർക്കും.
എല്ലാ ജില്ലാ പ്ലാനിംഗ് ഓഫീസർമാർക്കും.
എല്ലാ ഗ്രാമ പഞ്ചായത്ത് പ്രസിഡന്റുമാർക്കും സെക്രട്ടറിമാർക്കും.
എല്ലാ ബ്ലോക്ക് പഞ്ചായത്ത് പ്രസിഡന്റുമാർക്കും സെക്രട്ടറിമാർക്കും.

എല്ലാ ജില്ലാ പഞ്ചായത്ത് പ്രസിഡന്റുമാർക്കും സെക്രട്ടറിമാർക്കും.

എല്ലാ കോർപറേഷൻ സെക്രട്ടറിമാർക്കും.

എല്ലാ നഗരസഭാ ചെയർമാന്മാർക്കും സെക്രട്ടറിമാർക്കും.

ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ് .

ചെയർമാൻ, സ്റ്റേറ്റ് റിസോഴ്സ് ഗ്രൂപ്പ് .

എക്സിക്യൂട്ടീവ് ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ.

ആരോഗ്യ കുടുംബക്ഷേമ വകുപ്പ്.

റവന്യൂ വകുപ്പ്.

ആഭ്യന്തര വകുപ്പ്.

മത്സ്യബന്ധന വകുപ്പ്.

കരുതൽ ഫയൽ/ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം

Sthu

സെക്ഷൻ ഓഫീസർ

പകർപ്പ് - ബഹു. തദ്ദേശസ്വയംഭരണ വകുപ്പ് മന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിക്ക്.

ബഹു. ഫിഷറീസ് വകുപ്പ് മന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിക്ക്.

തദ്ദേശസ്വയംഭരണ വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറിയുടെ(അർബൻ) പി.എസ്സ്.

തദ്ദേശസ്വയംഭരണ വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറിയുടെ(റൂറൽ) പി.എസ്സ്.

തദ്ദേശസ്വയംഭരണ വകുപ്പ് അഡീഷണൽ സെക്രട്ടറിയുടെ പി.എസ്സ്.

തദ്ദേശസ്വയംഭരണ വകുപ്പ് ജോയിന്റ് സെക്രട്ടറിയുടെ സി.എസ്സ്.

**കോവിഡ് 19-ന്റെ പശ്ചാത്തലത്തിൽ ഹാർബർ മാനേജ്മെന്റ് സൊസൈറ്റിയുടേതല്ലാത്ത ഫിഷ്ലാൻഡിംഗ് സെന്ററുകളും മത്സ്യ മാർക്കറ്റുകളും പുനരാരംഭിക്കുന്നത് സംബന്ധിച്ച് തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്കുള്ള മാർഗ്ഗരേഖ-**

1. മത്സ്യ മാർക്കറ്റുകളുടെയും വിപണനകേന്ദ്രങ്ങളുടെയും സുഗമമായ പ്രവർത്തനത്തിന് ബന്ധപ്പെട്ട തദ്ദേശ സ്വയംഭരണ സ്ഥാപനത്തിലെ സെക്രട്ടറി കൺവീനർ ആയും മത്സ്യ ഭവൻ ഓഫീസർ കോ-കൺവീനർ ആയും മാർക്കറ്റ് /വിപണന കേന്ദ്രം പ്രവൃത്തിക്കുന്ന പ്രദേശത്തെ ജനപ്രതിനിധിയുൾപ്പെടെ പ്രസിഡന്റ് നിശ്ചയിക്കുന്ന രണ്ടു ജനപ്രതിനിധികൾ, മത്സ്യതൊഴിലാളി ട്രേഡ് യൂണിയനിലെ രണ്ടു പ്രാദേശിക പ്രതിനിധികൾ, പോലീസ്, ആരോഗ്യം എന്നിവയിലെ അതാതു പ്രദേശത്തെ ഉദ്യോഗസ്ഥർ എന്നിവരെ അംഗങ്ങളാക്കിയും ഒരു ജനകീയ സമിതി രൂപീകരിക്കേണ്ടതാണ്.

2. തദ്ദേശ സ്വയം ഭരണ സ്ഥാപങ്ങൾ മാർക്കറ്റുകളിൽ മത്സ്യവില്പനക്കാർക്കായി പ്രത്യേക സ്ഥലം അനുവദിച്ച് നൽകേണ്ടതും, മൽസ്യവിൽപനക്കാർ ആ സ്ഥലത്ത് മാത്രം മത്സ്യ വിൽപ്പന നടത്തുവാൻ നിഷ്കർഷിക്കേണ്ടതുമാണ്.

3. ഓരോ മാർക്കറ്റിലും മൽസ്യ വിപണനം നടത്തുന്ന തൊഴിലാളികൾക്ക് വിപണനം നടത്തുന്നതിനായി ബന്ധപ്പെട്ട തദ്ദേശ സ്വയംഭരണ സ്ഥാപനം പാസ് നൽകേണ്ടതാണ്.

4. ഓരോ മാർക്കറ്റിലും മത്സ്യ വിപണനം നടത്തുന്ന തൊഴിലാളികളുടെ പേര് , അഡ്രസ്സ്, വയസ്സ് എന്നിവ രജിസ്റ്ററിൽ രേഖപ്പെടുത്തി തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ സൂക്ഷിക്കേണ്ടതാണ് .

5. മത്സ്യ മാർക്കറ്റിൽ മത്സ്യവിപണനം നടത്തുന്നവരും വാങ്ങാൻ വരുന്നവരും സാമൂഹിക അകലം പാലിക്കുന്നുണ്ടോ എന്ന് ഉറപ്പ വരുത്തുന്നതിനായി വാങ്ങാൻ വരുന്നവർ ക്യൂ പാലിക്കേണ്ടതും വൃത്തം വരച്ച് നിശ്ചിത അകലം ക്രമീകരിക്കേണ്ടതുമാണ്.

6. മാർക്കറ്റുകളിൽ സോപ്പ് ഉപയോഗിച്ച് കൈ കഴുകുന്നതിനുള്ള സംവിധാനം, ശുചിത്വം എന്നിവ ഉറപ്പ വരുത്തേണ്ടതാണ്.

7. മത്സ്യം വാങ്ങാൻ വരുന്നവർ മാസ്ക് നിർബന്ധമായും ധരിക്കേണ്ടതും വിൽപ്പനക്കാർ മാസ്കും കൈയ്യുറയും നിർബന്ധമായും ധരിക്കേണ്ടതുമാണ്.

8. മത്സ്യ മാർക്കറ്റിൽ തിരക്ക് ഒഴിവാക്കേണ്ടതും എല്ലാ ദിവസവും അണു വിമുക്തമാക്കുവാൻ ശ്രദ്ധിക്കേണ്ടതുമാണ് .

9. വഴിയോര മത്സ്യ കച്ചവടവും, വീട്ടുതോറും പോയുള്ള മത്സ്യകച്ചവടവും പൂർണ്ണമായും നിരോധിക്കേണ്ടതാണ് .

10. കണ്ടൈൻമെൻറ് സോണിലുള്ളവർ, മത്സ്യ വിൽപ്പനയ്ക്ക് പുറത്ത് പോകുവാനോ, പുറത്ത് നിന്നുള്ളവർ മത്സ്യം വാങ്ങുന്നതിന് കണ്ടൈൻമെൻറ് സോണിനകത്ത് പ്രവേശിക്കുവാനോ പാടുള്ളതല്ല.

11. മത്സ്യ വിപണനകേന്ദ്രങ്ങളിലെ മാലിന്യ നിർമാർജ്ജനത്തിന് വേണ്ട നടപടികൾ ബന്ധപ്പെട്ട തദ്ദേശ സ്ഥാപനങ്ങൾ കോവിഡ് പ്രോട്ടോകോൾ പാലിച്ചുകൊണ്ട് സ്വീകരിക്കേണ്ടതാണ്.

12. വിപണനത്തിനായുള്ള മത്സ്യം ഒരു കാരണവശാലും മണ്ണുമായി കലർത്തുവാൻ പാടില്ല.

13. ഓരോ ജില്ലയിലെയും രോഗ വ്യാപനത്തോത് അനുസരിച്ച് അതാതു ജില്ലാ കളക്ടർമാർക്ക് കൂടുതൽ നിയന്ത്രണങ്ങൾ ആവശ്യമെങ്കിൽ നടപ്പിലാക്കാവുന്നതാണ്.

14. മേൽ നിബന്ധനകൾ ലംഘിക്കുന്നവർക്കെതിരെ കർശന നിയമ നടപടികൾ സ്വീകരിക്കേണ്ടതാണ്.